ചൈനാക്കാർ ഭൂരിഭാഗവും ബുദ്ധമതവിശ്വാസികളാണെങ്കിലും അവർ ബുദ്ധക്ഷേത്രങ്ങളിൽ പോകുകയോ, ആരാധന നടത്തുകയോ ചെയ്യാറില്ലത്രേ! വിശാലമായ ബുദ്ധമതക്ഷേത്രങ്ങളത്രയും ടൂറിസ്റ്റ് സങ്കേതങ്ങളാണ്. ചൈനാക്കാർ നാളകളെക്കുറിച്ച് ചിന്തിക്കാറില്ല. 'ഇന്നു' കളെ വാരിപ്പുണരുകയും ആസ്വാദ്യകരമാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. അടുത്തയിടെ നടത്തിയ ചൈനാ സന്ദർശനത്തിനിടയിൽ ചൈനീസ് സുഹൃത്ത് പറഞ്ഞവാചകങ്ങളാണ് എങ്കിൽപ്പോലും മുസ്ലീങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ പ്രത്യേകമായി അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു. അവരുടെ ജാതി പറയാതെ തന്നെ 'ന്യൂനപക്ഷങ്ങൾ' എന്ന പരാമർശിക്കപ്പെടുന്നവരുടേതായ ആചാരമര്യാദകളോടെയുള്ള ഭക്ഷണശാലകളും വിനോദകേന്ദ്രങ്ങളും അവർ കാത്തുസൂക്ഷിക്കുന്നു. ചൈനയുടെ പടിഞ്ഞാറൻ അതിർത്തി പ്രദേശമായ 'ഉറുംഖി' യിൽ അടുത്തകാലത്ത് രണ്ടുന്യൂനപക്ഷങ്ങൾ തമ്മിലുണ്ടായ വംശീയ കലാപത്തിൽ നൂറുകണക്കിന് ആളുകൾ കൊലചെയ്യപ്പെട്ട വാർത്ത ലോകശ്രദ്ധയാകർഷിച്ചിരുന്നു.

തൊഴിലാളി വർഗത്തിന്റെ അഭിമാനവും പ്രതീക്ഷയുമായിരുന്ന സോവ്യയററ് യൂണിയൻ 80കളിൽ തകർന്നുവീണപ്പോൾ ഉയിർത്തെഴുന്നേററ് കുഴിച്ചുമൂടപ്പെട്ടു എന്നു കരുതിയിരുന്ന മതങ്ങളും, മതസ്ഥാപനങ്ങളും ആരാധനാലയങ്ങളുമായിരുന്നു എന്ന വസ്തുത ലോകം കണ്ടിരുന്നു. ഒരിക്കലും മനസ്സിൽ നിന്നും തേച്ചുമായ്ച്ച് കളയാനാവാത്ത ഭീകരവിഷമായി മതചിന്തകളും വിശ്വാസങ്ങളും നിലനിൽക്കുന്നു എന്നതാണ് ചരിത്രസത്യം.

ലോകത്ത് നിലവിലുള്ള എല്ലാരാജ്യങ്ങളും ഏതെങ്കിലും മതത്തെയോ വർഗ്ഗത്തെയോ ജാതിയോയോ പ്രതിനിധീകരിക്കുന്നു. ഇൻഡ്യക്കും ചൈനയ്ക്കും അമേരിക്കയ്ക്കും യൂറോപ്പിനും ആഫ്രിക്കൻ-അറബ് രാജ്യങ്ങൾക്കും എല്ലാം മതത്തിന്റേതായ മേലങ്കികൾ ഉണ്ട്. മതത്തിന്റേതായ മേധാവിത്വങ്ങളും നിലനിർത്തുന്നു. പാക്കിസ്ഥാൻ പോലെയുള്ള രാജ്യങ്ങളിൽ 'ഗസററ്ഡ് റാങ്കിന്' മുകളിലോട്ടുള്ള ഒരു ഔദ്യോഗിക പദവിയും വഹിക്കുവാൻ ആ മുസ്ലീങ്ങൾ അർഹരല്ല.

ആധുനിക ലോകസാമൂഹ്യക്രമത്തെക്കുറിച്ച് സംസാരിക്കേണ്ട വരുമ്പോഴെല്ലാം ക്രിസ്ത്യാനികളുടെയും ജൂതൻമാരുടെയും ---------മുസ്ലീമിന്റെയും ഹിന്ദുവിന്റെയും നാമങ്ങൾ ഉച്ചരിച്ചുകൊണ്ടുമാത്രമാണ് തുടക്കവും ഒടുക്കവും. ഭരണത്തിലും വിദ്യാഭ്യാസത്തിലും വ്യവസായരംഗങ്ങളിലും ഒക്കെ ഓരോ മതങ്ങളും അവരുടേതായ അവകാശങ്ങൾ സ്ഥാപിച്ചിരിക്കുന്നതായി കാണാം. അത്തരമൊരു ലോകത്തിൽ ഒരു പക്ഷേ ആദ്യമായിട്ടും അവസാനമായിട്ടും 'മതേതരത്വം' എന്ന സുവർണ്ണ സ്വപ്നം മുന്നോട്ടു വച്ച രാജ്യമാണ് ഇന്ത്യ. ഹിന്ദിയിൽ 'ധർമ്മ നിരപേക്ഷത' എന്നർത്ഥം വരുന്ന നാമം. എല്ലാ ധർമ്മങ്ങൾക്കും സ്ഥാനവും സ്വാതന്ത്ര്യവും ആദരവും നൽകുന്ന പ്രമാണം.

ഇന്ത്യയിൽ ഉൽഭവിച്ച് കിഴക്കനേഷ്യ മുഴുവൻ വ്യാപിച്ച ബുദ്ധിസത്തിന് പക്ഷേ ഇന്ത്യയിൽ അധികം വേരുറപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതേ ഇന്ത്യ പാശ്ചാത്യ അറബ് സംസ്ക്കാരത്തിന്റെ അധിനിവേശത്തോടൊപ്പം അവരുടെ മതചിന്തകൾക്കും പ്രവർത്തനങ്ങൾക്കും ഇവിടെ ഖേദമുണ്ടായി. സഹിഷ്ണതാപൂർവ്വം ഇന്ത്യൻ സംസ്ക്കാരം അതിനെയെല്ലാം ഉൾക്കൊള്ളുകയും ഇന്ത്യൻ ജനത ആ പാരമ്പര്യം നിലനിർത്തുകയും ചെയ്യുന്നു എന്ന വസ്തുത ഉച്ചൈസ്ഥരം ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. ഭാരതത്തിന്റെ ചരിത്രാതീതകാലം മുതൽ തന്നെ ഇവിടെ നിലനിൽക്കുന്ന നീതിബോധവും മതസഹിഷ്ണുതയും ഒരു പക്ഷേ മറ്റൊരു ലോകചരിത്രത്തിലും ഇത്രമാത്രം കണ്ടെന്നു വരില്ല. അതുകൊണ്ടുതന്നെ ഭാരതചരിത്രത്തിൽ അധിനിവേശത്തിന്റേതൊഴിച്ചാൽ ഒരു വർഗ്ഗീയകലാപം ഇല്ലായിരുന്നു എന്നു തന്നെ പറയാം. ബ്രിട്ടീഷുകാർ ------നടത്തി ഹിന്ദു-മുസ്ലിം വൈരം വളർത്തി ഭരണം നിലനിർത്തുവാൻ ശ്രമിച്ചിരുന്നെങ്കിൽ ആധുനിക ഭാരതത്തിൽ സംഘപരിവാർ ബിജെപി നേതാവായ എൽ.കെ അദ്വാനിയാണ് ഒരു രഥയാത്രയിലൂടെ 'ഹിന്ദുവികാരം' വളർത്തി ഡൽഹിയിലെ രാജസിംഹാസനം ലക്ഷ്യമിട്ട് ഭാരതീയ പൈതൃകത്തിൽ തീരാകളങ്കം വാരിത്തേച്ചത്. അതിലൂടെ അവർ നേടിയെടുത്ത രാജ്യ ഭരണം പക്ഷേ അതുകൊണ്ടു തന്നെ ഹ്രസ്വവും വിരസവുമായിരുന്നു. ജനഹൃദയങ്ങളിൽ നിന്ന് അകന്നുകൊണ്ടേയിരിക്കുന്ന അവർക്ക് ഒരു തിരിച്ചുവരവിനു ഉപയോഗിക്കുവാൻ കിട്ടുന്ന ഏതു മാരകമായ ബോംബുകളും എടുത്തു ഉപയോഗിക്കുവാൻ കാട്ടുന്ന തലതിരിഞ്ഞ ചിന്തകളുടെ അവസാനത്തെ ഉദാഹരണമാണ് 'ലൗ ജിഹാദ്' അല്ലെങ്കിൽ റോമിയോ ജിഹാദ്.

1995 കാലഘട്ടത്തിലാണ് ബോംബെയിൽ ബിയർ ബാറുകൾ വ്യാപകമായതും അവിടെ സ്ത്രീകൾ 'ബാർ ഗേളു' കളായി പ്രവർത്തിക്കുവാൻ ആരംഭിച്ചതും. അവിടെ ജോലി ചെയ്തിരുന്ന ബാർഗേളുകളിൽ സിംഹഭാഗവും ദക്ഷിണേന്ത്യയിൽ നിന്നുള്ള പെൺകുട്ടികളായിരുന്നു. മലയാളി പെൺകുട്ടികളുടെ അംഗസംഖ്യയും ഗണ്യമായിരുന്നു. ഒക്കെയും പ്രേമത്തിന്റെ കാപട്യത്തിൽ കുരുങ്ങി ഉറ്റവരേയും ഉടയവരേയും ഉപേക്ഷിച്ച് ഇന്നലെകണ്ടുമുട്ടിയ മാധുര്യത്തിൽ പൊതിഞ്ഞ കപടസ്നേഹത്തെ വിശ്വസിച്ച് ഇറങ്ങിത്തിരിച്ചവർ. ഉപേക്ഷിക്കപ്പെട്ട, മറ്റൊരുതൊഴിലും വശമില്ലാത്ത ഈ പെൺകൊടികൾ അതിനുമുമ്പുള്ള കാലഘട്ടത്തിൽ എത്തിപ്പെട്ടിരിക്കു

ന്നത് വേശ്യാഗ്രഹങ്ങളിലാണെങ്കിൽ അതിലും ഭേദമായ ബാർഗേളിന്റെ പണി മുന്നിൽകണ്ടപ്പോൾ അവർ ഈയാംപാറ്റകളെപ്പോലെ അങ്ങോട്ടേയ്ക്ക് കൂട്ടമായി ഓടിയെത്തി.

മദ്ധ്യതിരുവിതാംകൂറിൽ നിന്ന് നേഴ്സിംഗ് പഠിക്കുവാൻ ബോംബെയിലെ ഹോസ്പിറ്റലിലെത്തിയ ഒരു നായർ പെൺകൊടി പഠിത്തത്തിനിടയിൽതന്നെ ഒരു യുവാവുമായി പ്രണയത്തിലാകുന്നു. സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ഒക്കെ അവളെ ഉപദേശിച്ചു. പ്രണയവും വിവാഹവും നല്ലതാണ്. പക്ഷേ പഠനം ഉപേക്ഷിച്ച്, അവളിൽ വിശ്വാസവും പ്രതീക്ഷയും അർപ്പിച്ച അവളുടെ വീട്ടുകാരെ ഉപേക്ഷിച്ച്, ആ ചെറുപ്പക്കാരന്റെ പിന്നാലെ പോയ പാവം പെൺകുട്ടി ഒരുവർഷത്തെ ജീവിതത്തിനുശേഷം കൈക്കുഞ്ഞുമായി അലയുന്ന കാഴ്ച ഇപ്പോഴും വേദനിപ്പിക്കുന്നു.

അങ്ങനെ എത്രയോ അനുഭവങ്ങൾ നമുക്കു ചുറ്റും കാണുവാൻ കഴിയും. മഹത്തായ ആയുർവേദചികിത്സാരംഗത്തെ കള്ളനാണയങ്ങൾ കേരളമാകെ സുഖചികിത്സാ തരംഗം പായിച്ചപ്പോൾ ധാരാളം പെൺകുട്ടികൾ അവിടെ തിരുമ്മുകാരായി നിയമിക്കപ്പെട്ടു. ഒക്കെയും ചെറുപ്പക്കാരികൾ. പക്ഷേ പ്രേമത്തിന്റെ ഈശ്വരസാക്ഷാത്ക്കാരത്തിലേയ്ക്കുള്ള യാത്രയിൽ നരകത്തിൽ നിപതിച്ചവർ. ഇതിനുമാത്രം ഒരായുർവേദ ഔഷധവും കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

ഒക്ടോബർ 20-ാം തിയതി മംഗലാപുരം ബൺഗ്വാശ സ്വദേശി നാൽപ്പത്തിയാറുവയസ്സുള്ള മോഹൻകുമാർ എന്ന ആനന്ദിനെ അറസ്റ്റ് ചെയ്തപ്പോൾ ഞെട്ടിത്തെറിച്ചത് സാംസ്ക്കാരിക കേരളം കൂടിയായിരുന്നു. മലയാളികളടക്കം ഏതാണ്ട് നാൽപ്പതോളം യുവതികളെ പ്രണയിച്ച് വിവാഹവാഗ്ദാനം നടത്തി വിളിച്ചിറക്കിക്കൊണ്ടുപോയി പീഡിപ്പിക്കുകയും ഗർഭനിരോധന ഗുളിക എന്ന് തെറ്റിദ്ധരിപ്പിച്ച് സയനൈഡ് കഴിപ്പിച്ച് കൊലപ്പെടുത്തുകയും ചെയ്യുക, അവരുടെ സ്വർണ്ണാഭരണങ്ങളും മൊബൈൽ ഫോണും പണവുമായി സ്ഥലം വിടുക.

ഇരുപത്തിമൂന്നു വർഷത്തോളം അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുകയും മൂന്നു ഭാര്യമാരെ നിലനിർത്തുകയും ചെയ്ത ഈ മദ്ധ്യവയസ്ക്കനു പുറകെ ഇറങ്ങിത്തിരിച്ച് 'സ്വർഗ്ഗയാത്ര' നടത്തിയ പെൺകുട്ടികളാരും ലൗ ജിഹാദിന്റെ പാതയിലായിരുന്നില്ല എന്ന് തിരിച്ചറിഞ്ഞത്, പ്രണയമെന്ന സ്വർഗ്ഗത്തിനും നരകത്തിനുമിടയിലുള്ള നൂൽപ്പാലത്തിന് സൈദ്ധാന്തികപരിവേഷം കൊടുത്ത് ക്രൂരമായ ചർച്ചകൾക്ക് സമയവും ബുദ്ധിയും നഷ്ടപ്പെടുത്തുന്നതിന്റെ വ്യർത്ഥത ബോധ്യപ്പെടും.

'മതപരിവർത്തനം' എന്ന അജണ്ട ഭാരതത്തിലെ ഹിന്ദുക്കളല്ലാത്ത എല്ലാ അധിനിവേശ മതസ്ഥാപനങ്ങളും കാലാകാലങ്ങളായി ചെയ്തുപോരുന്ന ഒന്നാണ്. അതിന് ഏത് മാർഗ്ഗവും സ്വീകരിക്കുവാൻ അവർ തയ്യാറായിട്ടുണ്ട്. വേദനാജനകമല്ലാത്ത സ്വമനസോടെയുള്ള മതപരിവർത്തനത്തിൽ ഇതിനു മുമ്പുള്ള ഭാരതീയസംസ്ക്കാരം പ്രതിഷേധിച്ച് കണ്ടിട്ടില്ല. അത്തരം വ്യക്തിപരമായ കാര്യങ്ങളിൽ ഭരണകൂടം ഇടപെടാത്തതിനാലായിരുന്നിരിക്കാം അങ്ങനെ സംഭവിച്ചത്. പക്ഷേ ഇവിടെ അധികാരത്തിന്റെ സിംഹാസനത്തിലേയ്ക്കെത്തിക്കുവാൻ രാഷ്ട്രീയ മുതലാളിമാരുടെ ജൈത്രയാത്രയ്ക്കുള്ള പാതകൾ സുഗമമാക്കുവാൻ അയോധ്യയും രാജക്ഷേത്രവും മുതൽ ലൗ ജിഹാദ് വരെ ആയുധമാക്കുന്നവർക്കു മുമ്പിൽ ഝാർഖണ്ഡ് എന്ന കൊച്ചു സംസ്ഥാനത്തെ കൊച്ചു മുഖ്യമന്ത്രി നടത്തിയെന്ന് ആരോപിക്കപ്പെട്ട നാലായിരം കോടിരൂപയിലേറെയെന്ന് പറയപ്പെടുന്ന 'ചെറിയ' അഴിമതിയിലൂടെ സ്വപ്നം കാണുവാൻ കഴിയുന്ന സൗഭാഗ്യങ്ങൾക്കായി എന്തക്രമമാർഗ്ഗവും സ്വീകരിക്കുവാനും ചർച്ച ചെയ്യുവാനും പ്രചരിപ്പിക്കുവാനും തയ്യാറാകും. അവർക്ക് വിടുവാ ചെയ്യുവാനും സ്വന്തം പേര് അച്ചടിച്ച് കാണുന്നതിനും വേണ്ടി ബുദ്ധിജീവികളെന്ന് നടിക്കുന്നവർ നടത്തുന്ന അധര വ്യായാമത്തിനപ്പുറം ലൗജിഹാദിനും ലൗ ബോംബിനും ഒക്കെ എന്തു പ്രസക്തിയാണുള്ളത്?

ഭാരതീയ ഭരണകൂടത്തിന്റെ അഴിമതികൾ തുടങ്ങിയത് ഇന്ദിരാഗാന്ധിയുടെ കാലത്ത് 'നഗരവാലാ' കേസ് എന്നറിയപ്പെടുന്ന 60 കോടിരൂപയുടേതായിരുന്നെങ്കിൽ രാജീവ് ഗാന്ധിയുടെ പേരിൽ ആരോപിക്കപ്പെട്ട ബോഫോഴ്സ് കേസിൽ 200 കോടിയുടേതായിരുന്നു. പിണറായി വിജയന്റെമേൽ ആരോപിക്കപ്പെട്ട ലാവ്ലിൻ കേസ് 150 കോടി രൂപയുടേതായിരുന്നു. ഇന്നത് നാലായിരം കോടിയിലെത്തിനിൽക്കുന്നു. ഭാരതം ഭരിച്ച കോൺഗ്രസ് 50 കൊല്ലം കൊണ്ട് നടത്തിയെന്ന് പറയപ്പെടുന്നതിനേക്കാൾ എത്രയോ ഇരട്ടി രൂപയുടെ അഴിമതി കേസ് അഞ്ചുവർഷം കൊണ്ട് 'ബിജെപി' സർക്കാർ നടത്തിയെന്ന ജനങ്ങളുടെ ധാരണ തെറ്റാണോ? ഈ സ്ഥാനത്തേയ്ക്കുള്ള യാത്രയിൽ യുവാക്കളുടെ പ്രേമവും പെൺകുട്ടികളുടെ വസ്ത്രവും ഒക്കെയും ചർച്ചചെയ്യപ്പെടും. ലക്ഷ്യം അധികാരത്തിന്റെ കിരീടവും ചെങ്കോലും. മാർഗ്ഗം എത്ര അധർമ്മമായാലും ലക്ഷ്യം സാധൂകരിക്കും. എന്നാൽ ലൗ ജിഹാദ് എന്ന പ്രചരണവും സംവാദവും മുറുകുമ്പോൾ പരാമർശിക്കപ്പെടേണ്ട പ്രധാന വസ്തുത അവർ മൂടിവയ്ക്കുന്നു. അത് ചതിക്കപ്പെടുന്ന പെൺകുട്ടികളെ കുറിച്ചാണ്. 'കാമ' മെന്നും കൗമാരത്തിന്റെ പുളകം പകരുന്ന ചിന്തകളുടെ രഥയാത്രയിൽ സംഭവിക്കാവുന്ന അപകടം 'പ്രേമ' മെന്ന തെറ്റിദ്ധാരണയാണ്. പ്രേമമെന്നത് അപൂർവ്വമായി സംഭവിക്കാവുന്ന അനുഭൂതി വിശേഷമാണ്. മനസ്സിന്റെ, സ്വപ്ന

ങ്ങളുടെ യാഥാർത്ഥ്യവൽക്കരണമാണ്. അവിടെ ചതി ഉണ്ടാകില്ല. കാമിക്കുന്നവർ കാമം ശമിക്കുമ്പോൾ ശൃംഖാരം നിർത്തും. പ്രേമിക്കുന്നവന്റെ പ്രേമം അനശ്വരമാണ്, ദിവ്യമാണ്. അന്തമില്ലാത്തതാണ്. ചതിയില്ലാത്തതാണ്. അത് തിരിച്ചറിയാതെ പ്രേമത്തിന്റെ പേരിൽ കാമശമനത്തിനായി ഇറങ്ങിത്തിരിക്കുന്ന പെൺകുട്ടികൾക്ക് സംഭവിക്കാവുന്ന അപകടങ്ങളെക്കുറിച്ച് പറഞ്ഞു മനസ്സിലാക്കുവാൻ ആരും ശ്രമിക്കാറില്ല. കാമമെന്ന ഉത്തുംഗ ധർമ്മത്തെ പക്ഷി മൃഗാദികൾ പോലും കൈകാര്യം ചെയ്യുന്ന സൂക്ഷ്മത ചൂണ്ടിക്കാണിക്കുവാൻ ആരും തയ്യാറല്ല. മനുഷ്യജീവികൾക്കു മാത്രം സ്വായത്തമാക്കിയ സാമൂഹ്യജീവിതത്തിന്റെയും വളർച്ചയുടെയും ഗുണഗണങ്ങളെക്കുറിച്ച് കൗമാരപ്രായത്തിൽ തന്നെ ബോധവൽക്കരണം നടത്തുന്നതിനു പകരം ഒരു ക്രിസ്ത്യൻ പെൺകുട്ടിയോ ഈഴവപെൺകുട്ടിയോ ഈ വിവാദത്തിൽ ഉൾപ്പെട്ടു എന്നതുകൊണ്ട് ക്രിസ്ത്യൻ പത്രവും ഈഴവ പത്രവും മുറുമുറുക്കുന്നു. മറുപടിയുമായി മുസ്ലിം പത്രവും അതിനിടയിൽ ദളിതന്റെ വിലാപം '............ദളിതർക്കും ആദിവാസികൾക്കുമിടയിലാണ് സ്ത്രീകൾ ഏറ്റവും കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നത് എന്ന് കാണുമ്പോഴും അവർക്കിടയിലൂടെ നടന്നകലുവാനല്ലാതെ കുടുംബങ്ങളും ലൈംഗികബന്ധങ്ങളുമുണ്ടാക്കുവാൻ മേൽത്തട്ടുകളിലെ സ്ത്രീകൾ വിസമ്മതിക്കുന്നു എന്നത് ഒരു വസ്തുതയാണ്. പ്രണയം മാത്രമല്ല മാതൃത്വത്തിന്റെ ആർദ്ര ഭാവവും അവർ കീഴ്ത്തട്ടുകളിലേയ്ക്ക് പകർന്നു നൽകുവാൻ തയ്യാറല്ല" എന്നിത്യാദി എത്ര അരോചകം? എത്ര പൗരുശമില്ലാത്ത ചിന്തകൾ.?

മിശ്രവിവാഹത്തിലൂടെ വിപ്ലവകരമായ ബന്ധങ്ങളിലേയ്ക്ക് ചിന്തിക്കുന്നവരൊക്കെയും (ഒഴിവാക്കപ്പെടേണ്ടവർ അപൂർവ്വമായി കണ്ടേക്കാം) മേൽത്തട്ടുകളിലുള്ള സുന്ദരികളായ സ്ത്രീകളിലാണ് കണ്ണുവച്ചിട്ടുള്ളതും വിവാഹം കഴിച്ചിട്ടുള്ളതും എന്നതും ഒരു വസ്തുതയാണ്. ഈ വിപ്ലവവായാടികളാരും തന്നെക്കാൾ അശരണരും ദളിതരുമായ സ്ത്രീകൾക്ക് ജീവിതം നൽകുവാൻ ശ്രമിച്ചിട്ടില്ല എന്ന വസ്തുത മനസ്സിലാക്കുകയും ചിന്തിപ്പിക്കുകയും ചെയ്യേണ്ടുന്ന ഒന്നാണ്. എല്ലാവർക്കും നോട്ടം തമ്പുരാട്ടിമാർ മുതൽ മേൽപ്പോട്ടു തന്നെയാണ്. ഇതേവരെ മതം മാറ്റത്തിനു തണലേകുവാൻ മതേതരത്വം പ്രസംഗിച്ച പത്രവും സഭയുമൊക്കെയാണ് ലൗ ജിഹാദ് എന്ന മായിക ശത്രുവിനെ മുന്നിൽ നിർത്തി പടയൊരുക്കം നടത്തുന്നതും കുഞ്ഞാടുകൾക്കിടയിൽ വർഗ്ഗീയ വിഷം നിറയ്ക്കുവാൻ ശ്രമിക്കുന്നതും എന്നത് വിരോധാഭാസമായിത്തോന്നാം.

ലൗ ജിഹാദ് എന്ന ഉമ്മാക്കി കാട്ടി ഭയചകിതരാക്കുവാൻ ശ്രമിക്കുന്ന സവർണ്ണശക്തികൾ തങ്ങളുടെ സമുദായംഗങ്ങളുടെ ബോധവൽക്കരണത്തിനോ ഉന്നമനത്തിനോ വേണ്ടി ഒരു ചെറുവിരൽ പോലുമനക്കിയവരല്ലെന്നതും ശ്രദ്ധേയം തന്നെ. എൻ.എസ്.എസ് പോലുള്ള സംഘടനകൾ പതിവുപോലെ ഒരു പ്രസ്താവന ഇറക്കി കേസ് സർക്കാരിന്റെ തലയിൽ കെട്ടി വച്ചു. ".....ഇത്തരം പ്രവർത്തനം നടത്തുന്നവരേയും അതിനു നേതൃത്വം നൽകുന്ന സംഘടനകളേയും അമർച്ച ചെയ്യേണ്ട ബാദ്ധ്യതയും കടമയും സർക്കാരിനുണ്ട്....." അവരുടെ കടമകളെ പൂർത്തീകരിച്ച് അവർ സംതൃപ്തരായി.

വെറും പ്രസ്താവനകളിലൂടെ വർഗ്ഗീയ വിദ്വേഷവും മതസ്പർദ്ധയും സൃഷ്ടിച്ച് ജനങ്ങളുടെ ശാന്തിയും സമാധാനവും നശിപ്പിച്ച് തത്പരകക്ഷികൾക്കു വീട്ടുവേല ചെയ്യാൻ സമയം മിനക്കെടുത്താതെ കാമമെന്ന ചപലതയെ തുറന്നു കാണിക്കുകയും അതുമായി നടക്കുന്ന മനുഷ്യമൃഗങ്ങളെ ഒറ്റപ്പെടുത്തുകയും ചെയ്യുക എന്ന പ്രാഥമിക ധർമ്മം നിറവേറ്റപ്പെടുന്നതോടൊപ്പം ദിവ്യവും അനശ്വരവുമായ പ്രേമത്തെ അതിന്റെ വഴിക്കുവിടുകയും ചെയ്യുക എന്നതു മാത്രമാണ് നമ്മുടെ സാംസ്കാരിക പൈതൃകത്തിനും സാമൂഹ്യ പുരോഗതിക്കും നല്ലത് എന്ന് തിരിച്ചറിയുവാൻ വൈകിക്കൂടാ.